# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം : 229   06/02/2018 ൽ മറുപടിയ്ക്ക്

## സാമൂഹിക വനവൽക്കരണം

ചോദ്യം

ശ്രീ.വി.ഡി.സതീശൻ
,, അന്വപ് ജേക്കബ്
,, പി.ടി. തോമസ്
,, എം. വിൻസെന്റ്

ഉത്തരം

അഡ്വ: കെ. രാജു
(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ | സാമൂഹിക വനവൽക്കരണത്തിനായി കോടിക്കണക്കിന് രൂപ ചെലവഴിച്ചുവെങ്കിലും ഉദ്ദേശിച്ച ലക്ഷ്യത്തിലെത്തുവാൻ സാധിച്ചിട്ടില്ലയെന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ; | എ | വികസന പ്രവർത്തനങ്ങൾക്കും, വ്യാവസായിക ആവശ്യങ്ങൾക്കും, നിർമ്മാണപ്രവർത്തനങ്ങൾക്കും മറ്റുമായി ഓരോ വർഷവും ലക്ഷക്കണക്കിന് വൃക്ഷങ്ങൾ വനേതര പ്രദേശങ്ങളിൽ നിന്നും മുറിച്ച് മാറ്റപ്പെടുന്നുണ്ട്. സാമൂഹ്യവനവൽക്കരണ വിഭാഗം വനവൽക്കരണത്തിനായി 'ഹരിതകേരളം', 'എന്റെ മരം', 'നമ്മുടെ മരം', 'വഴിയോരത്തണൽ', 'അർബൻ ഫോറസ്ട്രി', 'പുഴയോര സംരക്ഷണം', 'Institutional Plantation', 'കണ്ടൽ വനവൽക്കരണം' തുടങ്ങിയ വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. മേൽ പദ്ധതികൾ പ്രകാരം ജൈവവൈവിദ്ധ്യം വർദ്ധിപ്പിക്കുന്നതിനും, ആഗോളതാപന തോത് കുറയ്ക്കുന്നതിനും, ഗാർഹിക - വ്യാവസായിക തടി ഉപയോഗത്തിനു മായി വിവിധങ്ങളായ നല്ലയിനം വൃക്ഷത്തൈകൾ ഉത്പാദിപ്പിച്ച്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, മതസംഘടനകൾ, യുവജന സംഘടനകൾ, രാഷ്ട്രീയ സംഘടനകൾ, റസിഡൻസ് അസോസിയേഷനുകൾ എന്നിവർക്കായി വിതരണം ചെയ്തു വരുന്നു. ഫലപ്രദമായ ഈ പദ്ധതികൾ വഴി വനേതര പ്രദേശങ്ങളിലെ വൃക്ഷ സമ്പത്ത് വർദ്ധിച്ചിട്ടുണ്ട്. എന്നാൽ ഇപ്രകാരം വിതരണം ചെയ്യുന്ന വൃക്ഷത്തൈകളുടെ സംരക്ഷണവും, പരിപാലനവും സ്ഥലത്തിന്റെ ഉടമസ്ഥത യുള്ള വകുപ്പുകളിലും, വ്യക്തികളിലുമാണ് നിക്ഷിപ്തമാ |

| | | | |
|---|---|---|---|
| | | | യിരിക്കുന്നത്. വിദ്യാർത്ഥികൾക്കും, വിവിധ സംഘടനകൾക്കും, സ്വകാര്യ വ്യക്തികൾക്കും മേൽ പദ്ധതികൾ പ്രകാരം നൽകുന്ന വൃക്ഷ ത്തൈകളുടെ തുടർ പരിപാലനം വനം വകുപ്പിന്റെ നിയന്ത്രണത്തിൽ അല്ല. 2015-ലെ Forest Survey of India യുടെ ദ്വൈവാർഷിക റിപ്പോർട്ടിൽ കേരള സംസ്ഥാനത്തിൽ വനത്തിനു പുറത്ത് 28.49% വൃക്ഷാവരണം ഉള്ളതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രാദേശിക അടിസ്ഥാനത്തിൽ നടത്തിയ പഠനങ്ങളിൽ ഇപ്രകാരം വിതരണം ചെയ്യുന്ന തൈകളിൽ യഥാസമയം പരിപാലന പ്രവർത്തനങ്ങൾ നടത്തുന്ന സ്ഥലങ്ങളിൽ ഗണ്യമായ അതിജീവനം കണ്ടുവരുന്നുണ്ട്.. വനേതര പ്രദേശത്ത് ഇന്ന് നാം കാണുന്ന വൃക്ഷച്ചാർത്തുകൾ ബഹുഭൂരിപക്ഷവും സാമൂഹികവനവൽക്കരണ വിഭാഗം വിതരണം ചെയ്തിട്ടുള്ള വൃക്ഷത്തൈകൾ മൂലമുണ്ടായതാണ്. 2005-ൽ K.F.R.I, പീച്ചി നടത്തിയ വുഡ്-ബാലൻസ് സ്റ്റഡി റിപ്പോർട്ടിൽ കേരളത്തിൽ ഗൃഹാവശ്യത്തിനായുള്ള തടിയുടെ 74.90% വനേതര ഭൂമിയിൽ നിന്നുമാണ് ലഭ്യമാകുന്നത് എന്ന് കണ്ടെത്തിയിട്ടുണ്ട്. സാമൂഹിക വനവൽക്കരണ വിഭാഗത്തിന്റെ കഴിഞ്ഞ വർഷങ്ങളിലെ പ്രവർത്തനം കർഷകർക്ക് നല്ലൊരു ധനലഭ്യതാ മാർഗ്ഗം കൂടിയാണ്. വർത്തമാനകാലത്ത് വിതരണം ചെയ്യുന്ന വൃക്ഷത്തൈകളുടെ ഗുണഫലങ്ങൾ വരും കാലങ്ങളിൽ മാത്രമേ തിട്ടപ്പെടുത്താനാവൂ. കൂടാതെ വൃക്ഷവൽക്കരണം മുഖേന ലഭ്യമാകുന്ന ജൈവവൈവിധ്യം, മണ്ണൊലിപ്പ് തടയൽ, ആഗോളതാപന ക്രമീകരണം എന്നിവയുടെ ഗുണഫലങ്ങൾ അളന്നുതിട്ടപ്പെടുത്താനാവാത്തതാണ്. ഇക്കാരണങ്ങളാൽ സാമൂഹ്യവനവൽക്കരണത്തിനായി ചിലവഴിച്ച തുക ലക്ഷ്യ പ്രാപ്തിയിലെത്തുവാൻ സാധിച്ചിട്ടില്ല എന്നത് വസ്തുതാപരമല്ല. |

| | | | |
|---|---|---|---|
| ബി | വഴിയോരങ്ങളിൽ കോടിക്കണക്കിന് രൂപ ചെലവഴിച്ച് വച്ച് പിടിപ്പിച്ച വൃക്ഷങ്ങൾ റോഡ് വികസനം ഉണ്ടാകുമ്പോൾ വെട്ടി നശിപ്പിക്കുന്നത് കണ്ടെത്തിയിട്ടുണ്ടോ; | ബി | വികസന പ്രവർത്തനങ്ങൾക്കായി വൃക്ഷങ്ങൾ മുറിച്ച് മാറ്റുന്നതിന് അനുമതി നൽകുന്നത് 10.02.2010-ലെ ജി.ഒ (ആർ.റ്റി) 68/2010/വനം പ്രകാരം രൂപീകരിച്ച ട്രീ കമ്മിറ്റിയാണ്. റോഡ് വികസനം, കെട്ടിടനിർമ്മാണം തുടങ്ങിയ വികസന പ്രവർത്തനങ്ങൾക്ക് വൃക്ഷങ്ങൾ മുറിയ്ക്കേണ്ട അടിയന്തിര ഘട്ടങ്ങളിൽ ബന്ധപ്പെട്ട ഏജൻസികൾ ജില്ലാതലത്തിലുള്ള വൃക്ഷ കമ്മിറ്റിയ്ക്ക് അപേക്ഷ നൽകുന്നു. തുടർന്ന് അപേക്ഷ കമ്മിറ്റി പരിശോധിച്ചു ആവശ്യകത ബോദ്ധ്യപ്പെട്ട് അടിയന്തിര ഘട്ടങ്ങളിൽ മാത്രമാണ് സാധാരണയായി മരം മുറിയ്ക്കുന്ന തിനുള്ള അനുമതി നൽകുന്നത്. |
| സി | മുറിച്ച് മാറ്റുന്ന മരങ്ങളുടെ എണ്ണത്തിന്റെ പത്തിരട്ടി മരങ്ങൾ വച്ച് പിടിപ്പിക്കണമെന്ന നിബന്ധന കൃത്യമായി പാലിക്കാറുണ്ടോ; | സി | മുറിച്ച് മാറ്റപ്പെടുന്ന വൃക്ഷങ്ങൾക്കു പകരം യൂസർ ഏജൻസി പത്തിരട്ടി മരങ്ങൾ വച്ച് പിടിപ്പിക്കണമെന്ന് അനുമതി പത്രത്തോടൊപ്പം വനം വകുപ്പ് രേഖാമൂലം നിർദ്ദേശം നൽ കാറുണ്ട്. എന്നാൽ ബന്ധപ്പെട്ട വകുപ്പുകൾ പകരം വച്ചുപിടിപ്പിച്ചതായിട്ടുള്ള മരങ്ങളുടെ വിവരങ്ങൾ പലപ്പോഴും റിപ്പോർട്ട് ചെയ്യാറില്ല. |
| ഡി | കഴക്കൂട്ടം-കോവളം റോഡ് വികസനത്തിന്റെ പേരിൽ പ്രസ്തുത ഭാഗങ്ങളിൽ നിന്ന് മുറിച്ചു മാറ്റപ്പെട്ട മരങ്ങൾക്ക് പകരമായി പത്തിരട്ടി മരങ്ങൾ വച്ച് പിടിപ്പിച്ചിട്ടുണ്ടോ; | ഡി | കഴക്കൂട്ടം-കോവളം നാഷണൽ ഹൈവേയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് മുറിച്ചു മാറ്റപ്പെട്ട മരങ്ങൾക്ക് പകരമായി ഇൻഡ്യൻ നാഷണൽ ഹൈവേ അതോറിട്ടിയുടെ സാമ്പത്തിക സഹായത്തോടെ കഴക്കൂട്ടം സൈനിക സ്കൂൾ കോമ്പൗിൽ 20.10 ഹെക്ടർ സ്ഥലത്ത് 32000 വൃക്ഷത്തൈകളും, ഗ്രീൻഫീൽഡ് സ്റ്റേഡിയം പരിസരത്ത് 1.25 ഹെക്ടർ സ്ഥലത്ത് 2000 വൃക്ഷത്തൈകളും നട്ടു നല്ല രീതിയിൽ പരിപാലിച്ച് വരുന്നു. |
| ഇ | സ്കൂളുകളിലും കോളേജുകളിലും തുറസ്സായി കിടക്കുന്ന സ്ഥലങ്ങളിൽ അദ്ധ്യാപകരുടെ പേരിൽ മരങ്ങൾ വച്ച് പിടിപ്പിക്കുന്നതിനും അത് പരിപാലിക്കുന്നതിനും സ്കൂൾ ഫോറസ്റ്റ് ക്ലബ്ബുകൾക്ക് പ്രോത്സാഹനം നൽകുന്നതിന് പദ്ധതി ആവിഷ്കരിക്കുമോ; വ്യക്തമാക്കുമോ? | ഇ | സ്കൂളുകളിലും കോളേജുകളിലും 'എന്റെ മരം', 'നമ്മുടെ മരം' പദ്ധതി പ്രകാരം വിദ്യാർത്ഥികൾക്ക് സൗജന്യമായി തൈകൾ വിതരണം ചെയ്തു വരുന്നു. കൂടാതെ സൂകൂളുകളിലും കോളേജു |

| | | | |
|---|---|---|---|
| | | | കളിലും തുറസായി കിടക്കുന്ന സ്ഥലങ്ങളിൽ ഔഷധ തോട്ടം നിർമ്മിക്കുക യും Institutional planting നട ത്തുകയും ചെയ്യാറുണ്ട്. പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിൽ കുട്ടികളെ പങ്കാളികളാക്കുന്നതിന് സ്കൂളുകളിൽ ഫോറസ്ട്രി ക്ളബ്ബുകൾ നിലവിലുണ്ട്. സ്കൂളുകളിൽ വച്ചുപിടിപ്പിക്കുന്ന മരങ്ങളുടെ മികച്ച പരിപാലനം അടിസ്ഥാനമാക്കി വിദ്യാർത്ഥികൾക്കായി പ്രോത്സാഹന ധന സഹായവും നൽ കാറുണ്ട്. |

സെക്ഷൻ ഓഫീസർ